# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.4601 — 25/06/2019 ൽ മറുപടിക്ക്

## സർവ്വേ ഭൂരേഖാ വകുപ്പിലെ സർവ്വേയർ തസ്തികകളുടെ എണ്ണം

**ചോദ്യം**

**ശ്രീ.എം. വിൻസെന്റ്**

**മറുപടി**

**ശ്രീ.ഇ.ചന്ദ്രശേഖരൻ**

(റവന്യൂവും ഭവന നിർമ്മാണവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർവ്വേ ഭൂരേഖാ വകുപ്പിൽ ആകെ സർവ്വേയറുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഏത് വർഷം മുതലാണ് നിലവിലെ സർവ്വേയർ തസ്തികകൾ നിലവിൽ വന്നത്; അതിനു മുൻപ് സർവ്വേയർ തസ്തികകളുടെ എണ്ണം എത്രയായിരുന്നു; | (എ) | സർവ്വേയും ഭൂരേഖയും വകുപ്പിൽ ആകെ 1678 സർവ്വേയർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 2014 മുതലാണ് സർവ്വെയർ തസ്തികകളുടെ എണ്ണം 1678 ആയത്. ആയതിന് മുമ്പ് 1751 ആയിരുന്നു. |
| (ബി) | തുടർച്ചാനുമതി ആവശ്യമായ സർവ്വേയർമാരുടെ തസ്തികകളുടെ എണ്ണം എത്ര; അതിൽ എത്ര പേർക്ക് തുടർച്ചാനുമതി നല്കിയിട്ടുണ്ട്; | (ബി) | തുടർച്ചാനുമതി ആവശ്യമായ സർവ്വെയർമാരുടെ തസ്തികകളുടെ എണ്ണം 1261 ആണ്. അതിൽ 626 തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് ആവശ്യമായ സർവ്വേയർമാർ നിലവിലുണ്ടെന്ന് സർക്കാരിന് ബോധ്യമുണ്ടോ ; സർവ്വേയർമാർ ചെയ്യേണ്ട ജോലികളായ ഭൂമി അതിരിടൽ, ഭൂമി ഏറ്റെടുക്കൽ ജോലികൾ,പട്ടയ സംബന്ധമായ (തീരദേശ പട്ടയങ്ങൾ ഉൾപ്പെടെ) അളവുകൾ,അൺ സർവ്വേഡ് ലാൻറ് അളവ് എന്നിവ സമയത്തു നടക്കാതെ തടസപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് പുതിയ സർവ്വേയർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (സി) | സർവ്വേയും ഭൂരേഖയും വകുപ്പിൽ നിക്ഷിപ്തമായ റീസർവ്വെ ജോലികൾ കൂടാതെ ലാൻഡ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം) ലാൻഡ് അസൈൻമെന്റ്, ലാൻഡ് അക്വിസേഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വെ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വെ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വെ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി ആവശ്യമുള്ള സർവ്വെയർമാരെ റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് നൽകി വരുന്നു. കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും |

| | | | |
|---|---|---|---|
| | | | ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വെ പ്രവർത്തനങ്ങളും റീസർവ്വെ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് ജീവനക്കാരെ നിയോഗിച്ച് നിർവ്വഹിച്ച വരുന്നു. ഇത്തരത്തിൽ റീസർവ്വെ ജോലികൾക്ക് അനുവദിച്ചിട്ടുള്ള സർവ്വെയർമാരെ മറ്റ് സർവ്വെ ജോലികൾക്ക് നിയോഗിക്കുന്നതിനാൽ പലപ്പോഴും റീസർവ്വെ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.<br>റീസർവ്വെ നടപടികൾ കേന്ദ്ര സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെ കൊണ്ട് ചെയ്യിക്കുന്നതിനും വാലിഡേഷൻ ജോലികൾ നിലവിൽ സർവ്വെ വകുപ്പിലുള്ള ജീവനക്കാരെ കൊണ്ട് ചെയ്യിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ളവർക്കു പുറമെ അധികമായി സർവ്വെയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | ഓരോ വില്ലേജിലേക്കും ഓരോ സർവ്വേയർമാരെ വീതം നിയമിച്ച ടോറൻസ് സംവിധാനം നടപ്പാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; ടോറൻസ് സംവിധാനം നടപ്പാക്കുന്നതോടുകൂടി വർഷം 1000 കോടിയോളം റവന്യൂ വരുമാനം ലഭിക്കുന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പഠനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ; | (ഡി) | ഓരോ വില്ലേജിലേയ്ക്കും സർവ്വേയർമാരെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. ടോറൻസ് സമ്പ്രദായത്തിൽ സർവ്വെ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ യോജിച്ച പ്രവർത്തനം ആവശ്യമായതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കാൻ സാധിക്കുന്നതിലേക്കായി കേരള ലാൻഡ് റെക്കാർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. ടോറൻസ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് കൂടുതൽ പരിശോധനകളും പഠനങ്ങളും നടത്തി മാത്രമേ അന്തിമ തീരുമാനമെടുക്കുവാൻ കഴിയൂ. |

| | | | |
|---|---|---|---|
| (ഇ) | ടോറൻസ് സംവിധാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതു നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ടോറൻസ് സംവിധാനം നടപ്പിലാക്കുമ്പോൾ ആധാരത്തിനോടൊപ്പം സ്കെച്ച് കൂടി ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കെച്ച് തയ്യാറാക്കുന്ന സമയം കൂടി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായി വരുമെന്നത് മാത്രമാണ് നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ